# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3454 — 22.08.2017 ൽ മറുപടിയ്ക്ക്

## ജയിൽ പരിഷ്കരണ കമ്മീഷൻ

| ചോദ്യം<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഡോ. അലക്സാണ്ടർ ജേക്കബ് അദ്ധ്യക്ഷനായ ജയിൽ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എങ്കിൽ എന്തൊക്കെയാണ് പ്രധാന ശിപാർശകളെന്ന് അറിയിക്കുമോ ; | (എ) | ഉണ്ട്.<br>ജയിൽ പരിഷ്കരണ കമ്മീഷൻ നൽകിയ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :-<br>1) 1983- ലെ എ.എം. മുള്ള കമ്മീഷനിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളിൽ നടപ്പിലാക്കാൻ ബാക്കി നിൽക്കുന്നവ വരും വർഷങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.<br>2) 1986- ലെ മോഡൽ പ്രിസൺ മാനുവലിലെ നടപ്പാക്കാനുള്ള ഭാഗങ്ങൾ കേരള നിയമസഭ ഭേദഗതി വരുത്തി കേരള പ്രിസൺ നിയമത്തിലോ ചട്ടത്തിലോ ഉൾപ്പെടുത്തേണ്ടതാണ്.<br>3)1992 ലെ ജസ്റ്റിസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ ബാക്കിയുള്ളത് വരും വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ടതാണ്.<br>4) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനായി ജയിൽ വകുപ്പിൽ നടപ്പാക്കാവുന്ന കാര്യങ്ങൾ ( ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണം, വെട്ടുകല്ല് നിർമ്മാണം, ഔഷധസസ്യം വളർത്തൽ, മിനറൽ വാട്ടർ പദ്ധതി തുടങ്ങിയവ) പരമാവധി നടപ്പാക്കി വകുപ്പിന്റെ വരുമാനം 10 കോടിയെങ്കിലും വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.<br>5) അധിക ചെലവില്ലാതെ വകുപ്പിൽ നടപ്പാക്കാൻ പറ്റുന്ന കാര്യങ്ങൾ പരമാവധി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.<br>6) അധിക ചെലവോടുകൂടി നടപ്പാക്കണം എന്ന് ജയിൽ ജീവനക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ സാധ്യതാ പഠനവും സാമ്പത്തിക വിശകലനവും നടത്തി നടപ്പാക്കാൻ അനുയോജ്യമായവ നടപ്പാക്കുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.<br>7) ജയിൽ വകുപ്പിൽ നിലവിൽ 3 റേഞ്ചുകൾ മാത്രമുള്ളതിനാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി വകുപ്പിനെ 4 റേഞ്ചുകളായി പരിവർത്തനം ചെയ്യേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 8) കേരളത്തിൽ നിലവിലുള്ള 3 സെൻട്രൽ ജയിലുകൾക്കുപരിയായി കോഴിക്കോട്, എറണാകുളം, മുട്ടം എന്നി സ്ഥലങ്ങളിൽ കൂടി സെൻട്രൽ ജയിലുകൾ സ്ഥാപിച്ചെട്ടുക്കേണ്ടതാണ്.<br>9) എല്ലാ ജില്ലകളിലും ജില്ലാ ജയിലുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>10) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 4 റേഞ്ചുകളിൽ 2 റേഞ്ചുകളിൽ മാത്രമേ തുറന്ന ജയിൽ നിലവിലുള്ളൂ. ആയതിനാൽ 2 റേഞ്ചുകളിൽ കൂടി തുറന്ന ജയിൽ ഉണ്ടാക്കേണ്ടതാണ്.<br>11) അതീവ സുരക്ഷാ ജയിൽ ബാക്കി നിർമ്മാണം പൂർത്തിയാക്കി ടി ജയിലിലേയ്ക്ക് മാറ്റി പാർപ്പിക്കേണ്ട തടവുകാരെ ഉടനടി മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.<br>12) ഓരോ പോലീസ് സബ് ഡിവിഷനുകളിലും ഒരു ജയിലെങ്കിലും ഉണ്ടാകേണ്ടതാണ്. |
| (ബി) | തടവുകാരുടെ ബാഹുല്യം കാരണം മൂന്ന് പുതിയ സെൻട്രൽ ജയിലുകൾ കൂടി ആരംഭിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | കമ്മീഷന്റെ ശിപാർശകൾ എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (സി) | കമ്മീഷന്റെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ